**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** **21-06-2024 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയയ്ക്കുള്ള കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മരുന്ന് ക്ഷാമം മൂലവും ശസ്ത്രക്രിയ ഉപകരണങ്ങൾ പ്രവർത്തന രഹിതമായതുകൊണ്ടും ശസ്ത്രക്രിയകൾ മുടങ്ങുകയോ മാറ്റിവയ്ക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | മരുന്ന് ക്ഷാമവും ശസ്ത്രക്രിയ ഉപകരണങ്ങളുടെ പ്രവർത്തന രാഹിത്യവും മൂലമോ ഡോക്ടർമാരുടെ കുറവ് കാരണമോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുകയോ മാറ്റിവയ്ക്കുകയോ ചെയ്യേണ്ടി വന്നിട്ടില്ല. ഇത്തരത്തിൽ ഒരു പ്രതിസന്ധി നിലവിലില്ല. |
| (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ കുറവ്, ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവ മൂലം ശസ്ത്രക്രിയ നടത്തുന്നതിന് മാസങ്ങളുടെ കാലതാമസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചും കൂടുതൽ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകിയും പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | എ പിരിവിൽ നൽകിയിട്ടുള്ളത് പ്രകാരം. |

സെക്ഷൻ ഓഫീസർ